LIBRARY ARCHIVES Kerala Legislative Assembly

കൺസ്യൂമർ ഫെഡ് വഴിയുള്ള നെല്ല്, തേങ്ങ എന്നിവയുടെ സംഭരണം

18 (*588) ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർഫെഡ് നെല്ല് സംഭരണം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനകം എത്ര ക്വിന്റൽ നെല്ല് സംഭരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ബി) തേങ്ങാ സംഭരണത്തിനും സംസ്ക്കരണത്തിനുമായി കൺസ്യൂമർ ഫെഡ് ആവിഷ്ക്കരിച്ച പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ ? ;

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ,

(എ) കൺസ്യൂമർഫെഡ് നെല്ല് സംഭരണം ആരംഭിച്ചിട്ടുണ്ട്. നാളിതു വരെ 55738 ക്വിന്റൽ നെല്ല് സംഭരിച്ചിട്ടുണ്ട്.

(ബി) തേങ്ങാ സംഭരണത്തിനും സംസ്ക്കരണത്തിനുമായി കൺസ്യൂമർഫെഡ് ആവിഷ്ക്കരിച്ച പദ്ധതിയുടെ ഭാഗമായി നാളിതുവരെ 40,986 ക്വിന്റൽ പച്ചത്തേങ്ങ സംഭരിച്ചു. ഇപ്രകാരം ശേഖരിച്ച പച്ചത്തേങ്ങ സംസ്ക്കരിച്ച് കൊപ്രയാക്കി, 6993 ക്വിന്റൽ കൊപ്ര നാഫെഡിന് നൽകിയിട്ടുണ്ട്.

കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾ

19 (*589) ശ്രീ. എം. എ. വാഹീദ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കയർ വിപണനത്തിനായി രൂപീകരിച്ച കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കയർ വിപണനം ശക്തിപ്പെടുന്നതിന് പ്രസ്തുത കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾക്കായി എന്ത് തുകയാണ് ഈ വർഷം ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നത് ;